# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഡോ.അദീല അബ്ദുള്ള ഐ.എ.എസ്, വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിതാ ശിശു വികസന വകുപ്പ്- ഐ.സി.പി.എസ്.- കാവൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ സന്നദ്ധ സംഘടനകൾക്ക് ഒന്നാം ഗഡു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം :- 1) 17.05.2021 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O(Rt) No.315/2021/SJD.
2) 16.08.2021 ലെ ഈ ഓഫീസിലെ ICPS3/1378/21എന്ന നമ്പറിലുള്ള ഉത്തരവ്.
3) 08.09.2021 ലെ തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ. DCPO/T/D3&A3/2013/2021.
4) 10.09.2021 ലെ പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ. ഡി.സി.പി.യു./പി.കെ.ഡി/ബി/പി.ആർ-218/21.

## ഉത്തരവ് നമ്പർ: ICPS 3/11425/21 തീയതി : 25.09.2021

ബാലക്ഷേമ സമിതി മുമ്പാകെ എത്തുന്ന അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ശാരീരിക - മാനസിക - സാമൂഹിക ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ ആന്റ് റീ-ഇന്റിഗ്രേഷൻ ഓഫ് ചിൽഡ്രൻ ഇൻ നീഡ് ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ ത്രൂ സൈക്കോ സോഷ്യൽ അപ്രോച്ച് (കാവൽ പ്ലസ്). ടി പദ്ധതി 2021 - 22 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനും 15 സന്നദ്ധ സംഘടനകൾക്ക് 4,25,750/രൂപ വീതം ആകെ 63,86,250/രൂപ വിനിയോഗിയ്ക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ 3 സന്നദ്ധസംഘടനകളെയും പാലക്കാട് ജില്ലയിൽ 2 സന്നദ്ധ സംഘടനകളെയും പരാമർശം (2) പ്രകാരം നിയോഗിച്ച് ഉത്തരവാകുകയും ആയതിൻപ്രകാരം ടി സന്നദ്ധ സംഘടനകളുമായി കരാറിൽ ഏർപ്പെട്ടുവെന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി സന്നദ്ധസംഘടനകൾക്ക് ആവശ്യമായ ആദ്യഗഡു തുക അനുവദിയ്ക്കണമെന്നും പരാമർശം (3, 4) പ്രകാരം തിരുവനന്തപുരം, പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ടി സാഹചര്യത്തിൽ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിലെ 5 സന്നദ്ധസംഘടനകൾക്ക് സർക്കാർ അനുമതി ലഭ്യമായ 4,25,750/രൂപയുടെ 30% തുകയായ 1,27,725/രൂപ വീതം ആദ്യഗഡുവായി (4,25,750*30% = 1,27,725/രൂപ) ചുവടെ ചേർക്കും പ്രകാരം അനുവദിയ്ക്കേണ്ടതുണ്ട്.

| ക്രമ നമ്പർ | ജില്ല | സന്നദ്ധസംഘടനകളുടെ എണ്ണം | അനുവദിയ്ക്കേണ്ട തുക (4,25,750*30%= 1,27,725/) |
|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 3,83,175/- രൂപ (1,27,725 * 3) |
| 2 | പാലക്കാട് | 2 | 2,55,450/- രൂപ (1,27,725 * 2) |
| ആകെ | | 5 | 6,38,625/- രൂപ |

മേൽപട്ടികപ്രകാരം തിരുവനന്തപുരം ജില്ലയിലെ കാവൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്ന സന്നദ്ധസംഘടനകൾക്കായി 3,83,175/രൂപയും പാലക്കാട് ജില്ലയിലെ സന്നദ്ധസംഘടനകൾക്ക് 2,55,450/രൂപയും ചേർത്ത് ആകെ **6,38,625/രൂപ (ആറു ലക്ഷത്തി മുപ്പത്തി എട്ടായിരത്തി അറുന്നൂറ്റി ഇരുപത്തി അഞ്ചു രൂപ മാത്രം)** ഐ.സി.പി.എസ്. ന്റെ **2235 – 02 – 102 – 36 (P) 02** ൽ നിന്നും അതാത് ചുവടെ ചേർക്കും പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

| ക്രമ നമ്പർ | തുക അനുവദിയ്ക്കേണ്ടത് | അനുവദിയ്ക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തിരുവനന്തപുരം. | 3,83,175/- രൂപ (1,27,725 * 3) |
| 2 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പാലക്കാട്. | 2,55,450/- രൂപ (1,27,725 * 2) |
| | ആകെ തുക | 6,38,625/- രൂപ |

മേൽ തുക തിരുവനന്തപുരം, പാലക്കാട് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് നൽകേണ്ടതും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ടി തുക കൈപ്പറ്റി, സന്നദ്ധസംഘടനകൾക്ക് കൈമാറേണ്ടതുമാണ്. സന്നദ്ധസംഘടനകൾ ആയത് വിനിയോഗിച്ച് ചെലവ് സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ട് സമർപ്പിയ്ക്കുന്ന പക്ഷം രണ്ടാം ഗഡു തുക അനുവദിയ്ക്കുന്നതാണ്.

**(ഒപ്പ്)**
**വനിതാ ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, SCPS**

- **ജില്ലാ വനിത ശിശു വികസന ഓഫീസർമാർ, (തിരുവനന്തപുരം, പാലക്കാട്)**
- **ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ, (തിരുവനന്തപുരം, പാലക്കാട്)**

**<u>പകർപ്പ്:</u>**

1. സൂപ്രണ്ട് എ.സെക്ഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്.
2. ICPS 4(C)
3. സ്റ്റോക്ക് ഫയൽ
4. Website

OFFICE OF THE INTEGRATED CHILD PROTECTION SCHEME

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**